പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 3645 11/12/2018 -ൽ മറുപടിക്ക്

**മലപ്പുറം ഗവ:വനിതാ കോളേജ് താൽക്കാലിക കെട്ടിടത്തിന് വാടക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ഗവ:വനിതാ കോളേജ് താൽക്കാലിക കെട്ടിടത്തിന് വാടക നൽകുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ പരിഗണനയിലുള്ള C2/133/18/H.Edn നമ്പർ ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; | (എ) & (ബി) | മലപ്പുറം നഗരസഭാ പരിധിയിൽ മുണ്ടുപ്പറമ്പിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന സർക്കാർ വനിതാ കോളേജിന് ആവശ്യമായ കെട്ടിട വാടക നൽകുന്നതിന് സ.ഉ.(സാധാ)നം.3637/ 2017/തസ്വഭവ തീയതി 10.11.2017 ഗവൺമെന്റ് ഉത്തരവ് പ്രകാരം മലപ്പുറം മുൻസിപ്പാലിറ്റിയ്ക്ക് ഒരു വർഷത്തേയ്ക്ക് അനുമതി നല്കിയിരുന്നു. കോളേജ് കാമ്പസിനായി സർക്കാർ അനുവദിച്ച സ്ഥലം ഇതുവരെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറി കിട്ടിയില്ലാത്തതിനാൽ കെട്ടിടം പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്നും, ആയതിനാൽ അടുത്ത ഒരു വർഷത്തിനുള്ളിൽ വാടക കെട്ടിടത്തിൽ നിന്നും കോളേജ് മാറ്റി സ്ഥാപിക്കുവാൻ കഴിയില്ലെന്നും ഈ സാഹചര്യത്തിൽ തുടർന്നും കെട്ടിടവാടക നൽകുവാൻ മലപ്പുറം മുൻസിപ്പാലിറ്റിക്ക് ആവശ്യമായ അനുമതി നൽകണമെന്നും കോളേജ് സ്പെഷ്യൽ ഓഫീസർ അഭ്യർത്ഥിച്ചതിനെ തുടർന്ന്, ഉന്നത വിദ്യാഭ്യാസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരാത്തതിനാൽ മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് തുടർന്നും വാടക നൽകുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നും തുക കണ്ടെത്തുന്ന കാര്യം പരിശോധി ക്കുന്നതിനായി തദ്ദേശ സ്വയംഭരണ |
| (ബി) | കെട്ടിട നിർമ്മാണ നടപടികൾ ഇതുവരെയും ആരംഭിക്കാത്ത തിനാലും നഗരസഭ നൽകിയിരുന്ന വാടക കാലാവധി തീർന്ന സാഹചര്യത്തിലും കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും വാടക നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | വകുപ്പിൽ നിന്നും ഫയൽ കൈമാറിയിരുന്നു. തുടർന്ന് മലപ്പുറം ഗവ.വനിതാ കോളേജിന് വാടക നൽകുന്നതിന് ഗവ.ആർട്സ് & സയൻസ് കോളേജുകളുടെ വാടക, കരം, നികുതി എന്നിവയ്ക്കായുള്ള ശീർഷകത്തിൽ നടപ്പ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുകയിൽ നിന്നോ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഏതെങ്കിലും ബഡ്ജറ്റ് ശീർഷകത്തിൽ നിന്നോ വാടക തുക കണ്ടെത്തുന്നത് പരിശോധിച്ച് വ്യക്തമായ ബഡ്ജറ്റ് ശീർഷകമുൾപ്പെടെയുള്ള ശിപാർശ നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 06/12/2018ലെ സി2/133/2018/ഉ.വി.വ നമ്പർ കത്ത് പ്രകാരം ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജുകളുടെ വാടക, കരം, നികുതി എന്നിവയ്ക്കുള്ള ശീർഷകമായ '2202-03-103-99-06' ശീർഷകത്തിൽ നിന്നും മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന്റെ വാടക വഹിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**